**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2184 17.02.2016 - ൽ മറുപടിക്ക്.**

**പാലക്കാട്ടെ വ്യവസായ സ്ഥാപനങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| സർവ്വശ്രീ. എ. പ്രദീപ് കുമാർ, എം. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, എം. ഹംസ | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) പാലക്കാട് മേഖലയിൽ പൊതു മേഖലയിലടക്കമുള്ള വ്യവസായ സ്ഥാപനങ്ങളുടെ പൊതുസ്ഥിതി അവലോകനം നടത്തിയിട്ടുണ്ടോ ; | (എ) : ഉണ്ട്. |
| (ബി) ചെറുകിട. ഇരുമ്പുരുക്ക വ്യവസായ സ്ഥാപനങ്ങൾ അടക്കം വൻ പ്രതിസന്ധിയിലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) : പരിശോധിച്ചിട്ടുണ്ട്. സ്റ്റീൽ വിലയിലുണ്ടായിട്ടുള്ള വിലയിടിവും അസംസ്കൃത വസ്തുക്കളായ സ്ക്രാപ്പ്, വൈദ്യുതി എന്നിവയുടെ വില വർദ്ധനവ്, ഗുണനിലവാരമില്ലാത്ത വിലകുറഞ്ഞ സ്റ്റീൽ ഉത്പന്നങ്ങളുടെ ഇറക്കുമതി എന്നിവ ചെറുകിട ഇരുമ്പുരുക്ക് വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്ന യൂണിറ്റുകളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. പാലക്കാട്ടെ ചെറുകിട ഇരുമ്പുരുക്ക വ്യവസായ സ്ഥാപനങ്ങളുടെ പ്രധാന ഉൽപ്പന്നം റ്റി.എം.റ്റി. (thermo mechanically treated) കമ്പികളാണ്. മെച്ചമായ തരത്തിൽ ബ്രാൻഡ് ചെയ്യപ്പെട്ടിട്ടുള്ള ബില്ലറ്റ് അധിഷ്ഠിത കമ്പികൾക്ക് മാത്രമേ മത്സരാധിഷ്ഠിത കമ്പോളത്തിൽ നിലനിൽക്കാൻ കഴിയുകയുള്ളു. ഇവിടെ റ്റി.എം.റ്റി കമ്പികളുടെ ഉത്പാദനച്ചെലവ് മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതലുമാണ്. പ്രസ്തുത കമ്പികളുടെ വിലയിൽ മാത്രം ഏകദേശം 30%-ന്റെ ഇടിവുണ്ടായിട്ടുണ്ട്. അന്യ സംസ്ഥാനത്തിലെ വൻകിട യൂണിറ്റുകളുടെ വിലകുറഞ്ഞ ഉത്പന്നങ്ങളുടെ കടന്നു കയറ്റത്താൽ കേരളത്തിലെ യൂണിറ്റുകൾക്ക് പിടിച്ചു നിൽക്കാൻ കഴിയാത്തതും പ്രതിസന്ധിക്കു കാരണമായിട്ടുണ്ട്. |
| (സി) പാലക്കാട് വ്യാവസായിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് | (സി) : പാലക്കാട് വ്യാവസായിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് |

| | |
|---|---|
| സർക്കാരിന് സാദ്ധ്യമായിട്ടില്ലാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ? | സർക്കാരിന് സാദ്ധ്യമായിട്ടില്ല എന്ന അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആഗോള സ്റ്റീൽ വിപണിയിലെ നിരക്കനുസരിച്ചാണ് ഇന്ത്യൻ സ്റ്റീൽ വിപണിയിലെയും വില നിലവാരം നിയന്ത്രിക്കപ്പെടുന്നത്. അതു കൊണ്ട് സ്റ്റീൽ വില നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന തലത്തിൽ എടുക്കുക എളുപ്പമാവില്ല. ഒറ്റപ്പാലത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഒരു ഡിഫൻസ് പാർക്കും മെഗാ ഫുഡ് പാർക്കും സ്ഥാപിക്കുന്നതിന് അനുമതിയായിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ BEML-ന് പാട്ട വ്യവസ്ഥയിൽ നൽകിയ ഭൂമിയിൽ അതിന്റെ ഒന്നാംഘട്ട പ്രവർത്തനം പൂർണതോതിൽ പ്രവർത്തന സജ്ജമാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. |
| (ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ എത്രത്തോളം ഫലപ്രദമായി എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കാമോ ? | (ഡി) : പാലക്കാട് വ്യാവസായിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് വ്യവസായ സ്ഥാപങ്ങളുടെ സംഘടനാ പ്രതിനിധികളുമായി ഇക്കാര്യം സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.